പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4201 28.06.2012-ൽ മറുപടിയ്ക്ക്

സംസ്ഥാനത്തെ സ്കൂളുകളിൽ മാതൃഭാഷാ നിർബന്ധമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വർക്കല കഹാർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ മാതൃഭാഷ നിർബന്ധമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർ ക്കെതിരെ നടപടി സ്വീകരിക്കുമോ ; | (എ) 27.06.11-ലെ സ:ഉ (എം.എസ്) നം:148/11/പൊ.വി. , 01.09.11 -ലെ സ:ഉ (പി) നം: 183/11/ പൊ.വി. എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും പത്താം ക്ലാസ്സുവരെ മലയാള ഭാഷാപഠനം നിർബന്ധമാക്കിയിട്ടുള്ളതാണ്. ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ എല്ലാ സ്കൂളുകളിലും നടപ്പിൽ വരുത്തുന്നതിന് വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതാനും സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകളും കേന്ദ്രീയ വിദ്യാലയങ്ങളും ടി വിഷയത്തിൽ വിമുഖത കാട്ടിയതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് 10.05.12-ൽ |

(..................2)

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൻമേൽ സൂചിപ്പിച്ച സ്കൂളുകളിൽ കൂടി ഉത്തരവ് നടപ്പാക്കുന്നതിനായുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഐ.സി.എസ്.ഇ , സി.ബി.എസ്.ഇ സ്കൂളുകളിൽ മലയാള ഭാഷാപഠനം നിർബന്ധമാക്കുന്നതിന് ഇത്തരം സ്കൂൾ പ്രധാന അദ്ധ്യാപകരുടെ യോഗം വിളിച്ചു ചേർക്കുകയും മലയാള ഭാഷാ പഠനവുമായി ബന്ധപ്പെട്ട് ഉത്തരവുകൾ കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനും പുറമെ കേന്ദ്രീയ വിദ്യാലയങ്ങളെ സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് അതാത് ജില്ലാ കളക്ടർമാരെ സർക്കാർ തലത്തിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇനിയും ടി വിഷയത്തിൽ കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണ വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) അൺ എയ്ഡഡ് സ്കൂളുകളിൽ ഭാഷ പഠിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള മുഴുവൻ സ്കൂളുകളിലും മലയാളഭാഷാ പഠനം നിർബന്ധമാക്കിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ